# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1603**.

**08-06-2018 ൽ മറുപടിയ്ക്ക്**

## പാട്ടകൃഷി പ്രോത്സാഹനം

**ചോദ്യം**

ശ്രീ.ബി.സത്യൻ

**മറുപടി**

വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പാട്ടകൃഷി പ്രോത്സാഹനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം; | (എ) | പാട്ട വ്യവസ്ഥ പ്രകാരം കൃഷി ചെയ്യുന്ന കർഷകർക്ക് മതിയായ രേഖകൾ ഹാജരാക്കുന്ന പക്ഷം പദ്ധതി നിബന്ധനകൾക്ക് വിധേയമായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന എല്ലാ കൃഷി വികസന പദ്ധതികളിൽ നിന്നും ആനുകൂല്യം നൽകുന്നുണ്ട്. സ്ഥിരമായി സ്ഥാപിക്കേണ്ട പമ്പ്ഹൗസ് ഉൾപ്പെടെയുള്ള മോട്ടോർ, കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി തുടങ്ങിയ ആനുകൂല്യങ്ങൾ ഒഴികെ മറ്റ് പദ്ധതികളിൽ ആനുകൂല്യം നൽകിവരുന്നു. എന്നാൽ സംസ്ഥാനത്ത് പാട്ടകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ഒന്നും തന്നെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നില്ല. |
| (ബി) | ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാം; വിശദമാക്കുമോ? | (ബി) | വിവിധ വിളകൾ കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യം, സബ്സിഡി നിരക്കിൽ ഉല്പാദനോപാധികളുടെ വിതരണം പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിനുള്ള നഷ്ടപരിഹാരം, വിള ഇൻഷുറൻസ് പരിരക്ഷ എന്നിവയുള്ള ആനുകൂല്യങ്ങൾ പാട്ടകൃഷി ചെയ്യുന്ന കർഷകർക്കും മതിയായ രേഖകൾ ഹാജരാക്കുന്ന പക്ഷം പദ്ധതി നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നുണ്ട്.<br>കൂടാതെ തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് കർഷകന് ഒന്നാം വർഷം |

| | | | |
|---|---|---|---|
| | | | ഹെക്ടറിന് 25,000/- രൂപ, രണ്ടാം വർഷം ഹെക്ടറിന് 5,800/- രൂപ, മൂന്നാം വർഷം ഹെക്ടറിന് 3,750/- രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നു. ഈ പദ്ധതിയിൻ കീഴിൽ തരിശുഭൂമിയുടെ ഉടമയ്ക്ക് ഒന്നാം വർഷം ഹെക്ടറിന് 5,000/- രൂപ, രണ്ടാം വർഷം ഹെക്ടറിന് 1,200/- രൂപ, മൂന്നാം വർഷം ഹെക്ടറിന് 750/- രൂപ നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നുണ്ട്. തരിശ് നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് കർഷകന് ഹെക്ടറിന് 25,000/- രൂപ ആനുകൂല്യം നൽകി വരുന്നു. ഈ പദ്ധതിയിൻകീഴിൽ തരിശുഭൂമിയുടെ ഉടമയ്ക്ക് ഹെക്ടറിന് 5,000/- രൂപ നിരക്കിൽ ആനുകൂല്യം അനുവദനീയമാണ്. |

**സെക്ഷൻ ഓഫീസർ**